**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1437** **10-10-2024 - ൽ മറുപടിയ്ക്ക്**

**കരാർ ജീവനക്കാരായ വനിതകൾ തൊഴിലിടങ്ങളിൽ നേരിടുന്ന ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കരാർ ജീവനക്കാരായ വനിതകൾ തൊഴിലിടങ്ങളിൽ കടുത്ത ചൂഷണം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 1970-ലെ കരാർ തൊഴിൽ (നിയന്ത്രണവും നിർത്തലാക്കലും) നിയമ പ്രകാരം 20-ഓ അതിലധികമോ തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുമ്പോൾ ആണ് മേൽ നിയമത്തിന്റെ പരിധിയിൽ വരുന്നത്. തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II മുതലുള്ള ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ കരാർ തൊഴിലാളികൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തൊഴിൽ പരമായ അവകാശങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തിയാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. കരാർ ജീവനക്കാരായ വനിതകൾ തൊഴിലിടങ്ങളിൽ കടുത്ത ചൂഷണങ്ങൾക്ക് വിധേയമാകുന്നതായി നിലവിൽ തൊഴിൽ വകുപ്പിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.<br><br>കരാർ ജീവനക്കാരായ വനിതകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവരിൽ നിന്നും നേരിട്ട് മനസിലാക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി കേരള വനിത കമ്മീഷൻ 02/11/2023-ൽ എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് പബ്ലിക് ഹിയറിംഗ് നടത്തിയിരുന്നു. |
| (ബി) | കരാർ ജീവനക്കാരായ വനിതകൾ തൊഴിലിടങ്ങളിൽ നേരിടുന്ന ചൂഷണങ്ങൾ തടയുന്നത് സംബന്ധിച്ച് വനിതാ കമ്മീഷൻ സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കരാർ ജീവനക്കാരായ വനിതകൾ നേരിടുന്ന ചൂഷണങ്ങൾ സംബന്ധിച്ച് നടത്തിയ പബ്ലിക് ഹിയറിംഗിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ശിപാർശകൾ 22.05.2024-ന് കേരള വനിതാ കമ്മീഷൻ സർക്കാരിന് സമർപ്പിക്കുകയും ആയതിന്മേൽ വനിത ശിശുവികസന വകുപ്പ് നടപടികൾ സ്വീകരിച്ചു വരുകയുമാണ്. |

| | | | |
|---|---|---|---|
| (സി) | കരാർ ജീവനക്കാർക്ക് ബാധകമാകുന്ന രീതിയിൽ തൊഴിൽ നിയമങ്ങളും സേവനവേതന വ്യവസ്ഥകളും പരിഷ്കരിക്കുന്നതിനും തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി പോഷ് (പ്രിവൻഷൻ ഓഫ് സെക്ഷ്വൽ ഹറാസ്മെന്റ് അറ്റ് ദ വർക്ക് പ്ലേസ്) ആക്ട് നടപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | 1970-ലെ കരാർ തൊഴിൽ (നിയന്ത്രണവും നിർത്തലാക്കലും) നിയമ പ്രകാരം 20-ഓ അതിലധികമോ തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുമ്പോൾ ആണ് മേൽ നിയമത്തിന്റെ പരിധിയിൽ വരുന്നത്. ഇതു കൂടാതെ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ പരിശോധന നടത്തുമ്പോൾ കരാർ തൊഴിലാളികൾക്ക് നിയമാനുസൃത മിനിമം വേതനം, ലീവ്, അവധികൾ, ബോണസ് ഉൾപ്പെടെയുള്ള വിവിധ തരത്തിലുള്ള തൊഴിൽ നിയമങ്ങളുടെ സംരക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കിയ ഒരു നിയമമാണ് തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരേയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം, 2013 (POSH ആക്ട് 2013). ജോലി സ്ഥലത്തെ ലൈംഗികാതിക്രമങ്ങൾക്കെതിരെ സ്ത്രീകൾക്ക് അവരുടെ പ്രായം, തൊഴിൽ, നില എന്നിവ പരിഗണിക്കാതെ സംരക്ഷണം നല്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ ടി നിയമം നടപ്പിലാക്കി വരുന്നു. സർക്കാർ/സ്വകാര്യ അല്ലെങ്കിൽ സംഘടിത/ അസംഘടിത മേഖലകളിൽ തൊഴിലെടുക്കുന്ന എല്ലാ സ്ത്രീകൾക്കും തൊഴിലിടങ്ങളിൽ ലൈംഗിക പീഡനങ്ങളിൽ നിന്ന് മുക്തവും സുരക്ഷിതവുമായ തൊഴിൽ അന്തരീക്ഷം പ്രധാനം ചെയ്യാൻ എല്ലാ തൊഴിലുടമകളും ബാധ്യസ്ഥരാണ്. പത്തോ അതിലധികമോ ജീവനക്കാർ പണിയെടുക്കുന്ന സ്ഥാപനങ്ങളിലെ ഓരോ തൊഴിലുടമയും ഒരു ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുവാൻ ബാധ്യസ്ഥരാണ്. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ കീഴിൽ ഒരു ലോക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പോഷ് ആക്ട്,2013 നടപ്പിലാക്കുന്നത് നിരീക്ഷിക്കാനും ആക്ടുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തതും തീർപ്പാക്കിയതുമായ കേസുകളുടെ എണ്ണം സംബന്ധിച്ച ഡേറ്റ മോണിറ്റർ ചെയ്യുവാനും അതാത് സംസ്ഥാന സർക്കാരുകളെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികപീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം, 2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിതശിശു വികസന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ നിയമത്തിലെ വകുപ്പ്(4) അനുശാസിക്കും വിധം പത്തോ അതിൽ കൂടുതലോ |

| | | | |
|---|---|---|---|
| | | | ജീവനക്കാർ തൊഴിലെടുക്കുന്ന കാര്യാലയങ്ങളിൽ (സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ) ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ച് തൊഴിലിടങ്ങളിൽ സ്ത്രീകളുടെ പരാതികൾ സ്വീകരിച്ച് അവ മോണിറ്റർ ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി പോഷ് പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആയതിൽ പോഷ് ആക്ട് പരിധിയിൽ വരുന്ന എല്ലാ തൊഴിലുടമകളേയും രജിസ്റ്റർ ചെയ്യിപ്പിക്കുവാനായി വനിതശിശു വികസന വകുപ്പ് തലത്തിൽ ജില്ലാ ഓഫീസർമാരെ ഉപയോഗപ്പെടുത്തി ഒരു സ്പെഷ്യൽ ഡ്രൈവ് നടന്നു വരുന്നു. പോഷ് ആക്ട് സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടത്തി വരുന്ന സ്പെഷ്യൽ ഡ്രൈവിൽ നിലവിൽ 9,850 തൊഴിൽ ദാതാക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ